## പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായക്ഷേമസമിതി
# (2014-16)

## പതിനാറാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ (എൻ.സി.എ. മുസ്ലീം-ധീവര) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകണമെന്നാവശ്യപ്പെട്ടുള്ള ഹർജികളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായക്ഷേമസമിതി
# (2014-16)

## പതിനാറാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ (എൻ.സി.എ. മുസ്ലീം-ധീവര) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകണമെന്നാവശ്യപ്പെട്ടുള്ള ഹർജികളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

301/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്കസമുദായക്ഷേമസമിതി

# (2014-16)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്യുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## മുഖവുര

പിന്നോക്കസമുദായക്ഷേമസമിതിയുടെ (2014-16) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി 18-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

**സി. മമ്മൂട്ടി,**
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായക്ഷേമസമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

പിന്നോക്കസമുദായക്ഷേമസമിതി മുൻപാകെ വ്യക്തികളും സംഘടനകളും സമർപ്പിക്കുന്ന മിക്ക ഹർജികളും പിന്നോക്ക സമുദായാംഗങ്ങൾ നേരിടുന്ന അനീതികൾ വെളിപ്പെടുത്തുന്നവയും പരിഹാരം കാണാത്തവയുമാണ്. സാമൂഹികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന പിന്നോക്ക സമുദായാംഗങ്ങൾക്കും അവരുടെ സംഘടനകൾക്കും എതിരെയുണ്ടാകുന്ന അനീതികളെ സംബന്ധിച്ച് സമർപ്പിക്കുന്ന ഹർജികളിന്മേൽ തെളിവെടുപ്പ് നടത്തി നിജസ്ഥിതികൾ മനസിലാക്കി പരാതിക്കാർക്ക് ന്യായമായ അവകാശങ്ങൾ ലഭ്യമാക്കുക എന്നതാണ് പിന്നോക്കസമുദായക്ഷേമ സമിതിയുടെ പ്രധാന കർത്തവ്യം.

തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ (എൻ.സി.എ. മുസ്ലീം-ധീവര) റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നാവശ്യപ്പെട്ട് പിന്നോക്കസമുദായക്ഷേമ സമിതിക്ക് നിരവധി ഹർജികൾ ലഭിച്ചു. പ്രസ്തുത ഹർജികൾ പരിശോധിച്ചതിന്റെയും സമിതി നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ വിവരങ്ങളും സർക്കാരിൽനിന്നും ലഭിച്ച മറുപടികളും സമിതിയുടെ നിഗമനങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ഹർജികളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

**ഹർജികളിലെ വിഷയം**

<u>തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലെ (എൻ.സി.എ. മുസ്ലീം-ധീവര) റാങ്ക് ലിസ്റ്റിൽനിന്നും മകൾക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. എം. ഇ. കുഞ്ഞുമുഹമ്മദ് സമർപ്പിച്ച ഹർജി.</u>

<u>(ഫയൽ നമ്പർ 4383/ബി.സി.സി3/2014/നി.സെ.)</u>

ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേക്കുള്ള (എൻ.സി.എ. മുസ്ലീം-ധീവര) നിയമനത്തിനായി 14-10-2009-ൽ കാറ്റഗറി നമ്പർ 391/09 പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചുവെന്നും എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയ്ക്കുശേഷം 28-1-2014-ൽ പ്രസിദ്ധീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റിൽനിന്നും ആദ്യത്തെ 86 പേർക്ക് ഹെൽത്ത് സർവ്വീസിലേക്കും 40 പേർക്ക് മെഡിക്കൽ എഡ്യൂക്കേഷനിലേക്കും 5 പേർക്ക് മെഡിക്കൽ കോളേജിലേക്കും അഡ്വൈസ് മെമ്മോ നൽകിയെന്നും ഇതിൽ, അവസാനത്തെ 45 പേർക്ക് ഡി.എം.ഇ.യുടെ കീഴിലുള്ള മെഡിക്കൽ കോളേജിലേക്ക് നിയമനം ലഭിച്ചെന്നും എന്നാൽ, പ്രസ്തുത ലിസ്റ്റിലെ തന്നെ 40-ാം റാങ്കുകാരിയായ ഹർജിക്കാരന്റെ മകൾക്ക് നിയമനം ലഭിച്ചില്ലെന്നും ആയതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിലെ അർഹരായവർക്ക് നിയമനം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

<u>തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II (എൻ.സി.എ. മുസ്ലീം-ധീവര) നിയമനം—മെക്ക സമർപ്പിച്ച ഹർജികൾ.</u>

<u>(ഫയൽ നമ്പർ 3787/ബി.സി.സി1/2014/നി.സെ.)</u>

<u>(ഫയൽ നമ്പർ 5715/ബി.സി.സി3/2014/നി.സെ.)</u>

തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ 14-10-2009-ൽ 391/09 കാറ്റഗറി നമ്പരായി അപേക്ഷ ക്ഷണിക്കുകയും 28-1-2014-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 30-4-2014-ൽ 131 പേരെ അഡ്വൈസ് ചെയ്തുവെന്നും എന്നാൽ, കാറ്റഗറി നമ്പർ 201/2010 പ്രകാരം ഭാവിയിൽ പ്രതീക്ഷിക്കുന്ന ഒഴിവിലേക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ് II ജനറൽ വിഭാഗത്തിൽ അപേക്ഷ ക്ഷണിച്ച് 2013-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ജനറൽ കാറ്റഗറിയിൽ അഡ്വൈസ് ലഭിച്ച 135 പേർ ജോലിയിൽ പ്രവേശിച്ചത് കാരണം 30-4-2014-ൽ അഡ്വൈസ് ലഭിച്ച 131 പേർക്ക് ജോലിയിൽ പ്രവേശിക്കാൻ ഒഴിവില്ലാതായെന്നും ആയതിനാൽ, സംവരണ ഒഴിവ് അട്ടിമറിക്കാൻ ശ്രമിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും എൻ.സി.എ. ഒഴിവ് പൂർണ്ണമായും നികത്താൻ നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

<u>സർക്കാർ റിപ്പോർട്ട്</u>

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പിൽനിന്നും 28-11-2014-ലെ 27588/സി3/2014/ആകുവ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ് :

"മുസ്ലീം-ധീവര സമുദായങ്ങളിൽനിന്നും സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേക്ക് (എൻ.സി.എ.) നിയമനം നടത്തുന്നതിനായി 14-9-2009-ൽ 391/09 കാറ്റഗറി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും 29-1-2014-ന് റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. പ്രസ്തുത ലിസ്റ്റിൽനിന്നും 1 മുതൽ 86 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യ വകുപ്പിലേക്ക് ശിപാർശ ചെയ്തിരുന്നു. എന്നാൽ, ആരോഗ്യ വകുപ്പിൽ നിയമന ശിപാർശ നൽകിയ 86 പേരിൽ 24 പേർക്ക് തസ്തികകൾ ഇല്ലാത്തതിന്റെ പേരിൽ ഇനിയും നിയമനം നൽകുവാൻ സാധിച്ചിട്ടില്ല.

മെഡിക്കൽ വിദ്യാഭ്യാസ-ആരോഗ്യ വകുപ്പിലെ ദ്വിഭരണ സമ്പ്രദായം നിർത്തലാക്കിയതിന്റെ ഭാഗമായി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തുടരാൻ ഓപ്ഷൻ നൽകാതെ ആരോഗ്യ വകുപ്പിൽ തുടരുവാൻ സന്നദ്ധരായ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-മാരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത 49 ഒഴിവുകളിലും തുടർന്നുവന്ന 7 ഒഴിവുകളും ഉൾപ്പെടെ 56 ഒഴിവുകളിലേക്ക് നിയമനം നടത്തിയതിന്റെ ഭാഗമായി സംജാതമായ സ്ഥിതിവിശേഷമാണ് ഇപ്പോൾ നിയമന ശിപാർശ ലഭിച്ച 24 പേർക്ക് നിയമനം നൽകുവാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയത്.

സർക്കാരിന്റെ ഇപ്പോഴത്തെ ധനവിനിയോഗ നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി സൂപ്പർന്യൂമററി തസ്തികകൾ സംരക്ഷിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇനിയും നിയമനം നൽകാനുള്ളവരെ നിയമിക്കുന്നതിനായി നിലവിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ആയി ജോലി ചെയ്യുന്നവരിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് നിബന്ധനകൾക്ക് വിധേയമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ആയി ജോലി ചെയ്യുവാൻ താല്പര്യമുള്ളവരുടെ അനുമതിപത്രം വാങ്ങി അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യത്തിൽ, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ 4-11-2014-ന് തന്നെ എല്ലാ സംസ്ഥാന മേധാവികൾക്കും അനുമതിപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സത്വര നടപടി സ്വീകരിക്കുന്നതാണ്.

പ്രസ്തുത മറുപടി 28-1-2015-ലെ സമിതി യോഗം പരിഗണിക്കുകയും ഹർജി വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ 19-11-2014-ലെ തെളിവെടുപ്പ് യോഗത്തിലെ അഡ്വൈസ് മെമ്മോ നൽകിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നത് സംബന്ധിച്ച ഉറപ്പ് പാലിച്ചിട്ടുണ്ടോയെന്നും എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

<u>തെളിവെടുപ്പ്</u>: ഹർജിയിലെ പ്രസ്തുത വിഷയം സമിതി പരിഗണിക്കുകയും 19-11-2014-ന് ആരോഗ്യകുടുംബക്ഷേമം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. ഗ്രേഡ് II നഴ്സുമാരുടെ എൻ.സി.എ. ഒഴിവുകളിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് 2009-ലാണെന്നും അന്ന് നഴ്സിംഗ് സ്റ്റാഫിന് ദ്വിമുഖ നിയന്ത്രണമാണ് ഉണ്ടായിരുന്നതെന്നും 2010-ൽ നഴ്സിംഗ് സ്റ്റാഫിനെ ഡി.എച്ച്.എസ്., ഡി.എം.ഇ. എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ചുവെന്നും 2011-ൽ ജനറൽ വിഭാഗം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റ് 2013-ൽ നിലവിൽ വരികയും ചെയ്തുവെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഭൂരിപക്ഷം പേരും ഡി.എച്ച്.എസ്.-ൽ തുടരാൻ താല്പര്യം അറിയിച്ചതിനെ തുടർന്ന്, 2014-ൽ നിലവിൽവന്ന എൻ.സി.എ. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് തസ്തികകൾ ഇല്ലാത്തതിന്റെ പേരിൽ നിയമനം നൽകാൻ കഴിഞ്ഞില്ലെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 86 എൻ.സി.എ. ഒഴിവുകളിൽ 62 പേർക്ക് നിയമനം നൽകിയെന്നും 24 പേർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്നും തദവസരത്തിൽ പ്രസ്തുത വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി. അഡ്വൈസ് മെമ്മോ നൽകിയിട്ടും

നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമിതി മുൻപാകെ ലഭ്യമാക്കണമെന്ന് ഈയവസരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

സമിതിയുടെ നിഗമനങ്ങൾ

(1) സ്റ്റാഫ് നഴ്സ് നിയമനത്തിന് (എൻ.സി.എ., മുസ്ലീം-ധീവര) അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചെങ്കിലും നിയമനം നൽകുന്നതിനുമുമ്പ് ജനറൽ കാറ്റഗറിയിൽ അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ഒഴിവുകളിലേക്ക് ജനറൽ ലിസ്റ്റിൽനിന്നും നിയമനം നടത്തുകയും ചെയ്തുമൂലം എൻ.സി.എ. കാറ്റഗറിക്ക് നിയമനം ലഭിച്ചില്ലെന്നതാണ് പരാതികളുടെ അടിസ്ഥാനമെന്ന് സമിതി കണ്ടെത്തുകയുണ്ടായി.

(2) എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ച് അവരെ നിയമിക്കുന്നതിനു പകരം ജനറൽ വിഭാഗത്തിൽനിന്ന് ഒഴിവുകൾ നികത്തുന്നത് നീതീകരിക്കാനാവാത്തതാണെന്നും അങ്ങനെ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ജനറൽ വിഭാഗത്തിലെ ഒഴിവുകളിൽ എൻ.സി.എ. ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമായിരുന്നെന്നും ഇതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ നിയമലംഘനം ഉണ്ടായിട്ടുണ്ടെന്നും സമിതി കണക്കാക്കുന്നു.

(3) ജോലിക്കുവേണ്ടി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്നും ഇത് വളരെ ഗൗരവമേറിയ വിഷയമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി ആരാഞ്ഞ പ്രസ്തുത അധികവിവരത്തിന് ആരോഗ്യകുടുംബക്ഷേമ (സി) വകുപ്പിൽനിന്നും 17-3-2015-ലെ 27588/സി3/2014/ആ.കു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"മുസ്ലീം-ധീവര സമുദായങ്ങളിലെ 86 ഉദ്യോഗാർത്ഥികളെയാണ് തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിലേക്ക് നിയമനശിപാർശ നൽകിയിരുന്നത്. ഇപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത 86 പേർക്കും നിയമന ഉത്തരവ് നൽകിയതായും അതിൽ 19 പേർ ജോലിക്ക് ഹാജരായിട്ടില്ല എന്നും ഹാജരായവർക്കെല്ലാം നിയമനം നൽകിയതായും ഹാജരാകാത്ത 19 പേർക്ക് പകരം നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി പ്രസ്തുത എൻ.ജെ.ഡി. ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത മറുപടി 25-8-2015-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങൾ

(1) സ്റ്റാഫ് നഴ്സ് തസ്തികയിലെ പിന്നോക്കസമുദായ പ്രാതിനിധ്യം നികത്തുന്നതിനായുള്ള എൻ.സി.എ. (മുസ്ലീം-ധീവര) റാങ്ക് ലിസ്റ്റിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ വളരെയേറെ കാലതാമസം നേരിട്ടുവെന്ന് സമിതി വിലയിരുത്തുകയും പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിലേക്കായി എൻ.സി.എ. അപേക്ഷകൾ ക്ഷണിച്ച് നടപടി തുടങ്ങിയതിനുശേഷം ജനറൽ കാറ്റഗറിയിൽ അപേക്ഷ ക്ഷണിച്ച് പെട്ടെന്ന് നിയമനം നടത്തിയതു കാരണം എൻ.സി.എ.കാർക്ക് ലഭിക്കേണ്ടിയിരുന്ന ഒഴിവുകൾ നിഷേധിക്കപ്പെട്ടത് ഗൗരവതരമായ അനീതിയാണെന്നും ഇത് പിന്നോക്കസമുദായ വിഭാഗങ്ങൾ നേരിടുന്ന നീതി നിഷേധമാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. വൈകിയെത്തുന്ന നീതി, അനീതിയിൽനിന്ന് വ്യത്യസ്തമല്ലാത്തതിനാൽ, പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ നീതി ഉറപ്പുവരുത്തുന്നതിനായി ഇത്തരം നടപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. പിന്നോക്കസമുദായാംഗങ്ങൾക്ക് അർഹമായ സംവരണ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടി ഭാവിയിൽ ഒഴിവാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

(2) എൻ.സി.എ. ഒഴിവുകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ തന്നെ ജനറൽ കാറ്റഗറിയിലേക്ക് അപേക്ഷ ക്ഷണിക്കുകയും അപ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുകയും ചെയ്യുമ്പോൾ എൻ.സി.എ. ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുപകരം ജനറൽ വിഭാഗത്തിൽനിന്നും ഒഴിവുകൾ നികത്തുന്നതുമൂലം പിന്നോക്ക വിഭാഗത്തിലെ അർഹതപ്പെട്ട പല ഉദ്യോഗാർത്ഥികൾക്കും അവസരം നഷ്ടപ്പെടുന്നതായി സമിതി വിലയിരുത്തുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ വകുപ്പുതലത്തിൽ ഒരു ഏകോപന നിരീക്ഷണ സംവിധാനം നിലവിൽ വരേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ, സ്റ്റാഫ് നഴ്സ് ഗ്രേഡ് II പോലുള്ള എൻ.സി.എ. ഒഴിവുകൾ ധാരാളമായി സംജാതമാവാൻ സാധ്യതയുള്ള തസ്തികകളിലേക്കുള്ള ഒഴിവുകൾ (എൻ.സി.എ./നേരിട്ടുള്ള നിയമനം) പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പായി ഇതിനോടകം നിയമന ശിപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാനുള്ള ഒരു ഏകോപന-നിരീക്ഷണ സംവിധാനം അതത് വകുപ്പുകളിൽ ഏർപ്പെടുത്തുവാൻവേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

സമിതിയുടെ നിരന്തരവും ആത്മാർത്ഥവുമായ ഇടപെടൽ നിമിത്തം സ്റ്റാഫ് നഴ്സ് റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഒരു കൂട്ടം ഉദ്യോഗാർത്ഥികൾക്ക് നീതി ലഭ്യമായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. പിന്നോക്കസമുദായക്കാരുടെ തൊഴിൽപരമായ പ്രാതിനിധ്യക്കുറവ് പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഇത്തരത്തിലുള്ള ഹർജികളിന്മേൽ അധിക കാലവിളംബം ഇല്ലാതെ തന്നെ പ്രശ്നം പരിഹരിക്കുവാൻ സമിതിക്ക് സാധിച്ചതിലുള്ള ആർജ്ജവം ഉൾക്കൊണ്ടുകൊണ്ട്, അത് സമിതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനമായി തീരുമെന്ന് ഈയവസരത്തിൽ സമിതി പ്രത്യാശിക്കുന്നു.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായക്ഷേമസമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.